# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3923**

19-03-2018-ൽ
മറുപടി നൽകേണ്ടത്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിവരുന്ന തുക

ചോദ്യം | ഉത്തരം

ശ്രീ. എം. രാജഗോപാലൻ : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വിദ്യാഭ്യാസ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിവരുന്ന തുക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പോളിടെക്നിക്കുകൾക്കുള്ള കേന്ദ്ര പദ്ധതികളുടെ സഹായം നൂറ് ശതമാനമായിരുന്നത് അൻപത് ശതമാനമായും, സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (ടെക്വിപ്), വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മിഷനിലൂള്ള കണക്ടിവിറ്റി (എൻ.എം.ഇ.ഐ.സി.ടി) എന്നിവയ്ക്ക് എഴുപത്തിയഞ്ചു ശതമാനം കേന്ദ്ര സഹായമായിരുന്നത് അൻപത് ശതമാനമായും കുറച്ചിട്ടുണ്ട്. |

| | |
|---|---|
| | എൻ.എം.ഇ.ഐ.സി.ടി എന്ന പദ്ധതിയിൽ ബി.എസ്.എൻ.എൽ-ന് നേരിട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്ന സഹായം 2017 ഡിസംബർ മുതൽ നിർത്തലാക്കിയിട്ടുണ്ട്. |
| (ബി)നൈപുണി വികസന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ നല്ല നിലയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് നൽകാൻ തയ്യാറാകാത്ത കേന്ദ്ര നടപടി പുനഃപരിശോധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) ഉണ്ട്.<br>കേന്ദ്ര വിഹിതം നിർത്തലാക്കിയത് സംബന്ധിച്ച വിഷയം പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ചർച്ച ചെയ്യുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**